"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ജീവനക്കാര്യം - കെ.എസ്.ഇ.ബി. ലിമിറ്റഡ് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ കോട്ടയം യൂണിറ്റിൽ ശ്രീ. തോമസ് എം. ടി.(SCPO 2840) - യുടെ അന്യത്രസേവന കാലയളവ് ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.223/2024/POWER തീയതി,തിരുവനന്തപുരം, 17-11-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 141/2021/ഊ.വ. തീയതി 25/09/2021.
2. സ.ഉ. (സാധാ) നം. 206/2022/Power തീയതി 30/11/2022.
3. സ.ഉ. (സാധാ) നം. ൨൦൦/2023/Power തീയതി 18/11/2023.
2. സംസ്ഥാന പോലീസ് മേധാവിയുടെ 07-10-2024 - തീയതിയിലെ E1-100452/2021/PHQ നമ്പർ കത്ത്.
3. കെ.എസ്.ഇ.ബി. ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസറുടെ 08/10/2024 - ലെ VIG/A6/APTS/1115/2001-2024/3737 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) - ലെ സർക്കാർ ഉത്തരവ് പ്രകാരം പോലീസ് ഉദ്യോഗസ്ഥനായ ശ്രീ. തോമസ് എം.ടി., SCPO 2840 - യ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എ.പി.റ്റി.എസ്. കോട്ടയം യൂണിറ്റിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. പരാമർശം (2), (3) എന്നിവയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ടിയാന്റെ അന്യത്രസേവന കാലയളവ് രണ്ടു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ പോലീസ് ഉദ്യോഗസ്ഥന്റെ നിലവിലെ അന്യത്ര സേവന കാലയളവ് 02/11/2024 - ന് അവസാനിച്ചു. പരാമർശം (4) ലെ സംസ്ഥാന പോലീസ് മേധാവിയുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അന്യത്ര സേവന കാലയളവ് ഒരു വർഷം കൂടി ദീർഘിപ്പിച്ചുനൽകുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസർ പരാമർശം (5) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കോട്ടയം യൂണിറ്റിൽ ശ്രീ. തോമസ് എം.ടി., SCPO 2840 -യുടെ അന്യത്രസേവന കാലയളവ് അന്യത്രസേവനം സംബന്ധിച്ച പതിവ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 03/11/2024 മുതൽ ഒരു വർഷത്തേക്ക് കൂടി (നാലാം തവണ) നീട്ടിനൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം,

തിരുവനന്തപുരം.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 18-11-2024 08:54:11

സെക്ഷൻ ഓഫീസർ